# PROCEEDINGS

of

# THE TRAVANCORE REPRESENTATIVE BODY.

*OFFICIAL REPORT.*

SECOND MEETING.

VOL. I—NO. IV.

*Saturday the 10th April 1948/28th Meenam 1123.*

LIBRARY ARCHIVES Kerala Legislative Assembly

The Representative Body met in the Legislative Chamber at 11 of the clock on Saturday the 10th April 1948/28th Meenam 1123, the President (the Honourable Mr. A. J. John) in the chair.

## CONSIDERATION OF THE REPORT OF THE COMMITTEE ON RULES OF PROCEDURE.

### CHAPTER IV.

*Office of the Representative Body.*

12. (1) The President shall be the head of the Representative Body.

(2) There shall be a constitutional Adviser and a full-time Secretary to the Representative Body, both to be appointed by the President.

*Rule 12.*

Sub-Clause (1) was passed as there was no amendment.

Sub-Clause (2)

MR: G. NILAKANTAN (*Quilon III—Kammala Reserved*) :. Sir, I withdraw my amendment.

MR. KANNARA GOPALA PANICKER (*Thiruvella II—General*) : I withdraw my amendment.

MR. A. P. UDAYABHANU *(Karunagapally II—General)*: Sir, I move that in Chapter 4 Rule 12 (2) the words "a Constitutional Adviser and" may be omitted.

Sir, the Honourable member who was moving the draft rules said that these rules are the result of amending and adding to the Constituent Assembly Rules In the Constituent Assembly Rules it has been provided that there will be two branches in the office of the Constituent Assembly i. e. the Advisory Branch and the Administrative Branch. Here it has been so amended that no provision has been made for these two branches. In the Indian Constituent Assembly they have contemplated the appointment of a Constitutional Adviser who will be the head of the Advisory Branch. But there is no Advisory Branch here in the Office of the Representative Body. I do not see any reason why the post of a Constitutional Adviser should be created. Moreover the functions and the duties of such a Constitutional Adviser are not specified here. We should like to know what the functions of the Adviser should be. May I ask, Sir, whether this is only an imitaion of the Constituent Assembly Rules. Is the Constitutional Adviser an Adviser to the President alone like the Adviser to the Speaker in the House of Commons? Or is it the function of the Constitutional Adviser to advise the entire Representative Body? Can the Constitutional Adviser be appointed from among the members of the Represntative Body? If he is so appointed will he loose his membership of the Representative Body? Can the Constitutional Adviser be a person chosen and appointed from outside the House? Before this provision is accepted the mover must make it plain what his functions are and why the Advisory Branch in the Office has been dropped here and whether the Adviser can be appointed from among the members of the House or from outside? Sir, these are the points which should be made clear before we accept the provision. As far as I can see there is no function here to be attended to by a Constitutional Adviser. Is there any particular gentleman in view whose distinguished services can be availed of? . Sir, I want all these points to be clarified and at present these are not answered. Hence I would move for the deletion of the words "a Constitutional Adviser and" in Rule No. 12 (2).

LIBRARY ARCHIVES Kerala Legislative Assembly

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*) : ഈ ഭേഗതി എന്താണെന്ന് എനിക്ക് മനസ്സിലായില്ല.

MR. PRESIDENT : വകുപ്പ് ഫൈ, ഉപവകുപ്പ് ഡി-ൽ പ്രതിനിധി സമിതിക്ക് ഒരു ഭരണകായ്യോപദേഷ്ടാവ് ഉണ്ടായിരിക്കണം എന്ന പറഞ്ഞിട്ടുണ്ട്. ഭരണഘടനോപദേഷ്ടാവ് എന്ന ഭാഗം എടുത്തുകളയണമെന്നാണ് ഭേഗതി.

MR. MANNATHU PADMANABHA PILLAI : അതിന് അദ്ദേഹം പറഞ്ഞു കൊണ്ടുവന്ന ന്യായങ്ങൾ എന്തെല്ലാമെന്ന മനസ്സിലായില്ല.

MR. A. P. UDAYABHANU : ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവൻറസംബ്ലി രൂപംസിൽ ചില മാറ്റങ്ങളും ഭേഗതികളും വരുത്തിയാണ് ഇവിടെ ഈ രൂപകം ഉണ്ടാക്കിയിരിക്കുന്നത് എന്ന പറയുകയുണ്ടായി.

MR. CHERIYAN J. KAPPAN (*Meenachil III-General*) : സർ, ബഹുമാനപ്പെട്ട മെംബർ എഴുന്നേറ്റു നിൽക്കയാണല്ലൊ. അതു നിലയ്ക്ക് എനിക്ക് അദ്ദേഹത്തിനോട് ഒരു ചോദ്യം ചോദിക്കാൻ അവകാശമുണ്ടല്ലോ.

MR. PRESIDENT : അവശ്യമുണ്ടെങ്കിൽ ചോദിക്കാം.

MR. A. P. UDAYABHANU : ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ലി ആഫീസ് ഭരണഘടനാനിർമ്മാണകായ്യങ്ങൾക്കായി അവർ രണ്ടു ശാഖകൾ ഏർപ്പെടുത്തിയിരിക്കുന്നു. ഒന്ന്, ഭരണകായ്യങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ശാഖ, അതുപോലെതന്നെ ഭരണഘടന ഏതുരൂപത്തിലായിരിക്കണമെന്നുള്ളതിനെപ്പറ്റി ഉപദേശിക്കുന്നതിനായുള്ള ഒരു ശാഖ, ഇങ്ങനെ രണ്ടു ശാഖകൾ ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ളി ഏർപ്പെടുത്തിയിട്ടുണ്ട്. ഉപദേശിക്കുന്നതിനുള്ള ശാഖയുടെ നേതൃത്വം വഹിക്കുവാൻ ഒരു ഭരണഘടനോപദേഷ്ടാവിനെ നിയമിക്കുന്നതിനുള്ള അധികാരവും പ്രസിഡൻറിനു കൊടുക്കുന്നുണ്ട്. അതുപോലെതന്നെ ഭരണഘടന സംബന്ധിച്ചുള്ള പ്രവൃത്തികൾ നടത്തുവാനുള്ള ശാഖയുടെ നേതൃത്വം വഹിക്കുന്നത് ഒരു സിക്രട്ടറിയായിരിക്കും. ആ സിക്രട്ടറിയെ നിയമിക്കുന്നതിനുള്ള അധികാരവും പ്രസിഡൻറിനു കൊടുത്തിട്ടുണ്ട്. ഇവിടെ വരുത്തിയിരിക്കുന്ന മാറ്റങ്ങളുടെ കൂട്ടത്തിൽ ഈ റിപ്പോർട്ടിൽ ഇങ്ങനെ രണ്ടു ശാഖകൾ ഉണ്ടെന്ന് പറഞ്ഞിട്ടില്ല. എന്നാൽ ഒരു ഭരണഘടനോപദേഷ്ടാവിനെ നിയമിക്കുന്ന കായ്യം പറഞ്ഞിട്ടുണ്ട്. ആ ഭരണഘടനോപദേഷ്ടാവ് അംഗങ്ങളിൽനിന്നോ അല്ലെങ്കിൽ വെളിയിൽ നിന്നോ എവിടെനിന്നാണ് നിയമിക്കപ്പെട

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udayabhanu.]

ന്നത് എന്ന് പറഞ്ഞിട്ടില്ല. സിക്രട്ടറിയറിയായി അസംബ്ലിയിലെ ഒരു അംഗത്തെ നിയമിച്ചാൽ ആ അംഗത്തിന്റെ മെമ്പർസ്ഥാനം നഷ്ടപ്പെടും എന്നു പറഞ്ഞിട്ടുണ്ട്. ഭരണഘടനോപദേഷ്ടാവായി അംഗങ്ങളിൽനിന്ന് ആരെയെങ്കിലും നിയമിക്കുന്നപക്ഷം അയാളുടെ അംഗത്വം അതുകൊണ്ട് നഷ്ടപ്പെടുമോ ഇല്ലയോ എന്ന് നിശ്ചയമില്ല. ഉപദേഷ്ടാവിന്റെ ജോലികൾ എന്താണെന്ന് വ്യക്തമായിട്ടില്ല. ഹൗസ് ഓഫ് കോമൺസിലെ സ്പീക്കർക്ക് ഒരു ഉപദേഷ്ടാവിനെ നിയമിക്കാമെന്നു പറഞ്ഞിട്ടുണ്ട്. അവിടത്തെ സ്പീക്കർക്ക് സഹായങ്ങൾ ചെയ്യാനാണ് അവിടത്തെ ആ നിയമനം. എന്നാൽ ഈ ചട്ടങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്ന ഭരണഘടനോപദേഷ്ടാവ് പ്രസിഡൻറിന് ഉപദേശങ്ങൾ നൽകുന്നതിനോ അതല്ല, അംഗങ്ങൾക്കെല്ലാവർക്കുമായി ഉപദേശങ്ങൾ നൽകുന്നതിനോ എന്തിനാണ് നിയമിക്കപ്പെടുന്നതെന്ന് അറിഞ്ഞുകൂടാ. ഏതായാലും ഇൻഡ്യയിലെ ഭരണഘടനാചട്ടങ്ങൾക്ക് മാറ്റം വരുത്തി അതിൽ പറഞ്ഞിരിക്കുന്ന രണ്ടു ശാഖകളെ ഇല്ലാതാക്കിയാണ് ഇവിടെ ചട്ടങ്ങൾ കൊണ്ടുവന്നിരിക്കുന്നത്. അതിന്റെ ഉദ്ദേശം എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. ആ ഭരണഘടനോപദേഷ്ടാവിനെ അംഗങ്ങളിൽനിന്ന് നിയമിക്കുമോ, അതല്ല വെളിയിൽനിന്നും നിയമിക്കുമോ എന്ന സംഗതിയും വ്യക്തപ്പെടുത്തേണ്ടിയിരിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഒരു ഭരണഘടനോപദേഷ്ടാവിന്റെ ആവശ്യം തന്നെ ഞാൻ കാണുന്നില്ല.

MR. CHERIYAN J. KAPPAN : ബഹുമാനപ്പെട്ട മെംബർക്ക് ഭരണഘടനോപദേഷ്ടാവിന്റെ ജോലിയെന്താണെന്ന് അറിയുവാൻ കഴിഞ്ഞാൽ ഈ ഭേദഗതി പിൻവലിക്കുവാൻ സമ്മതമായിരിക്കുമോ?

MR. A. P. UDAYA BHANU : ഇങ്ങനെ ഒരു ഉപദേഷ്ടാവിന്റെ ആവശ്യമേ ഇല്ലെന്നാണ് എന്റെ അഭിപ്രായം.

MR. R. K. RAM (*Agasteeswaram-General*) : Sir, மலையாளத்தில் பேசப்பட்டவைகள் இன்னதென்று எனக்குப்புரியவில்லை. ஆகையால் அவைகளை தமிழில் மொழிபெயர்த்துச் சொல்லவேண்டும்.

MR. SREE V. DAS (*Kalkulam I—Hindu Nadar Reserved*) : Sir, ஸ்ரீமான் உதயபானு அவர்கள் மலையாளத்தில் பேசினார்கள். அவர்கள் பேசினதை உடனடி தமிழில் மொழி பெயர்த்துத் தரவேண்டுமென்று கேட்டுக் கொள்கிறேன்.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : ഓരോ പ്രസംഗത്തിനും, ആ പ്രസംഗം വിശേഷിച്ചും മലയാളത്തിൽ നടത്തിക്കൊണ്ടിരിക്കുമ്പോൾ തമിഴിൽക്കൂടി വിശദീകരിക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലർ ആവശ്യപ്പെടുന്നു. അതു് തൽക്കാലം സാദ്ധ്യമല്ലാതെയാണ് ഇരിക്കുന്നതു്. ഭാഷയെ സംബന്ധിച്ചുള്ള റൂൾ പാസായിക്കഴിഞ്ഞാൽ ഇതു സംബന്ധിച്ചു് എന്തെങ്കിലും വ്യവസ്ഥ ചെയ്യുവാൻ കഴിയും. അതുവരെ ബഹുമാനപ്പെട്ട മെമ്പറന്മാർ അല്പസ്വല്പം സഹിച്ചും ക്ഷമിച്ചും കഴിയുവാനേ നിവർത്തിയുള്ളൂ.

MR. SREE V. DAS : Sir, இக்கச் சட்டம் இயற்றப்படும் சமயத்தில் மலையாளத்தில் இன்னது தான் பேசுகிறார்கள் என்பது தெரியாததினால் எனது அபிப்பிராயத்தைச் சொல்ல முடியாமலிருக்கிறேன்.

MR. PRESIDENT : മലയാളത്തിൽ പറഞ്ഞാൽ മനസ്സിലാക്കാൻ കഴിയാത്ത അധികം മെമ്പറന്മാർ ഇവിടെയുണ്ടെന്നു തോന്നുന്നില്ല. തീരെ മനസ്സിലാകാത്ത കാര്യം വല്ലതും ഉണ്ടെങ്കിൽ സമയംപോലെ വിശദീകരണങ്ങൾ നൽകാവുന്നതാണ്. ഭാഷയെ സംബന്ധിച്ചുള്ള റൂൾ പാസ്സായാൽ വേണ്ട വ്യവസ്ഥകൾ ചെയ്യുന്നതാണ്.

MR. SREE V. DAS : Sir, சட்டம் சம்மந்தமான ஒவ்வொரு வார்த்தைக்கும், தனித்தனியாக அர்த்தமுண்டு. அதனால்தான் மலையாளத்தில் பேசப்பட்டவைகளைத் தமிழில் மொழி பெயர்த்து தரவேண்டுமென்று திரும்பவும் கேட்டுக் கொள்கிறேன்.

MR. N. KUNJURAMAN (*Chirayinkil IV—General*) : സർ, ഇപ്പോൾ സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർ എന്താണു പറഞ്ഞതെന്ന് എനിക്ക് മനസ്സിലായില്ല.

MR. K. R. ELANKATH (*Trivandrum IV—General*) : സർ, ഇതു സംബന്ധിച്ചു് ഒരു വാക്കു പറയണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മലയാളത്തിൽ സംസാരിച്ചാൽ തമിഴർക്കും, തമിഴിൽ സംസാരിച്ചാൽ മലയാളികൾക്കും പരസ്പരം മനസ്സിലാക്കാൻ സാധിക്കും. ഇപ്പോൾ ഇവിടെ ചെയ്ത തമിഴ് പ്രസംഗങ്ങൾ എല്ലാം എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. അതുകൊണ്ട് മലയാളത്തിൽ നടക്കുന്ന ഒരു പ്രസംഗത്തിന് തമിഴ് വിവർത്തനത്തിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇതു സംബന്ധിച്ചുള്ള റൂൾ പാസ്സാകുന്നതുവരെയെങ്കിലും നിശ്ചയമായും ആവശ്യമില്ല. ഇംഗ്ലീഷിനെ സംബന്ധിച്ചിടത്തോളം മാത്രം അതിനെങ്കിലും സംശയമുണ്ടെങ്കിൽ ഏതെങ്കിലും ഒരു ഭാഷയിൽ അതിന്റെ വിശദീകരണം നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. CHIDAMBARANATHA NADAR: (*Kalkulam II—Hindu Nadar Reserved*): Sir, "மலையாளத்தில் பேசினால் எல்லோருக்கும் மனதிலாகும்" என்று சொல்லுகிற கௌரவமுள்ள அங்கத்தினர் K. R. இலங்கத் அவர்களுக்கு தமிழர்களாகிய எங்களுக்கு அதுபுரியவில்லை என்று தெரியுமா?

MR. PRESIDENT: സംസാരിക്കുന്ന ഭാഷയെ സംബന്ധിച്ചുള്ള രൂൽ പാസ്സാകുന്നതുവരെ മലയാളത്തിൽ സംസാരിക്കുന്നതിനോ തമിഴിൽ സംസാരിക്കുന്നതിനോ വിശദീകരണം നൽകുന്നതല്ല.

MR. K. RAMACHANDRAN (*Pathanamthitta I—Kammala Reserved*): Sir, I would consider that Rule No. 25 be taken up for consideration so that the question of language can be decided.

MR. PRESIDENT: വകുപ്പുകൾ ഓർഡർ മുറക്കു തന്നെ ചർച്ചചെയ്യണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്.

MR. T. K. NARAYANA PILLAI (*Parur II—General*): Sir, the grounds on which the mover of the amendment, if I understand him correctly, bases his amendment are the non-definition of the powers and functions of the Constitutional Adviser and of the relationship of the Constitutional Adviser to the Representative Body. My reply to that is that the term Constitutional Adviser has got a definite meaning. By the mere use of the word Constitutional Adviser one can understand that he is expected to advise on all constitutional matters that arise for the decision of the House. Regarding his functions I may say that any question raised by the Constitution making body has to be answered by him and he has to give his expert opinion. He can express that opinion directly or through the President who is the symbol of the Representative Body. Merely because there is no advisory branch so far as this House is concerned, that does not necessarily lead to the conclusion that there need not be a Constitutional Adviser. This Body is intended to draft a constitution for Travancore.

MR. K. P. NILAKANTA PILLAI (*Chirayinkil II—General*): May I know whether there is a Constitutional Adviser as such in the Indian Constituent Assembly.

MR. T. K. NARAYANA PILLAI: I would only refer my learned friend to the Rule Committee of the Indian Constituent Assembly to demonstrate what I have said. There is a specific and unambiguous provision which lays down that there must be a Constitutional Adviser.

MR. R. V. THOMAS (*Meenachil II—General*): I rise to a point of order. I want to know whether the Honourable Member is in order in referring to a document which is not here and he is discussing the contents of that document.

MR. PRESIDENT: ഒരു അതോറിറ്റി എന്ന നിലയിൽ ഇങ്ങനെയുള്ള പുസ്തകങ്ങളിൽനിന്നും ഉദ്ധരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

MR. T. K. NARAYANA PILLAI: This is the section that I am relying on to substantiate my position.

"Rule 15 (3) There shall be a Constitutional Adviser, to be appointed by the President, who shall be the head of the Advisory Branch."

So that the doubt raised by my honourable friend is set at rest for the time being. I would place before the House this fact: being essentially a body intended to draw up a constitution for Travancore, questions of constitutional importance necessarily arise for discussion and decision and if there is any doubt regarding any matter that doubt can be referred to the Constitutional Adviser who is expected to have made elaborate studies on all constitutional matters.

MR. K. P. NILAKANTA PILLAI: May I ask the member whether the Legal Remembrancer in Travancore is not occupying the same position as the Constitutional Adviser to the Advisory Committee?

MR. T. K. NARAYANA PILLAI: The Legal Remembrancer has absolutely nothing to do with the Representative Body. Unless there is a specific provision in these rules by which either the Legal Remembrancer is made Coustitutional Adviser or somebody else is appointed, the Legal Remembrancer cannot have any definite relationship with this august body.

MR. K. P. NILAKANTA PILLAI: May I know whether a Constitutional Adviser will alone be sufficient or whether he should also have a staff?

MR. T. K. NARAYANA PILLAI: That is a matter of detail. The Constitutional Adviser, so far as I know, necessarily implies a staff also. Being a very responsible officer who is expected to discharge onerous duties, he must be supplied with the necessary staff.

MR. K. P. NILAKANTA PILLAI: May I know whether the Constitutional Adviser should be a lawyer?

MR. T. K. NARAYANA PILLAI: That does not arise for decision now. He may be a lawyer—most probably must be a lawyer—not only a lawyer, but a lawyer of brilliance. If I was given the power of appointment of a Constitutional Adviser, I would certainly give preference to the most eminent man among lawyers.

MR. K. P. NILAKANTA PILLAI: Even from outside the State?

MR. T. K. NARAYANA PILLAI: If necessary. If there is a dearth of talents in Travancore, I would certainly vote for a man of distinction from outside.

MR. K. P. NILAKANTA PILLAI: Does the member say that there is a dearth of talents in Travancore?

MR. T. K. NARAYANA PILLAI: I never said that. All that I said was "if there is any dearth of talents." I most humbly pray that the language that I use be understood in the light in which it is used. I would certainly submit that for the successful discharge of

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. K. Narayana Pillai.]

the duties entrusted to this House the appointment of a Constitutional Adviser is necessary. So I oppose the amendment moved by my honourable friend.

MR. A. NESAMONY (*Vilavancode-S. I. U. C. Reserved*) : Sir, from the heading of that particular chapter, one would be convinced of the reasonableness of the proposals placed before this House. The heading is "Office of the Representative Body." The office consists of a Constitutional Adviser and a Secretary. Sub-rule 3 of Rule 12 provides also for the staff of the Body. If the Constitutional Adviser wants to have a staff under him, it is a matter which could be settled between him and the President of this Body according to Rule (5). The Constitutional Adviser is a member of the staff of the Office of the Representative Body. He is not an adviser to the President as such as is the case of the Speaker of the House of Commons. He may act as such. As my honourable friend Mr. T. K. Narayana Pillai has put it very forcibly the very designation of the office implies what his functions are. As such no purpose could be served by amending any portion of the rule or by deleting the rule for the appointment of the Constitutional Adviser.

In the Indian Constituent Assembly my friend asked whether there was a Constitutional Adviser. I would refer him to the name of Sir B. N. Rau. I believe he was the Constitutional Adviser to the Indian Constituent Assembly and then he was taken as Constitutional Adviser for Burma. As such there was a Constitutional Adviser. So nothing is lost by appointing a person who would be competent to help in the difficult task of making a constitution for Travancore.

MR. K. P. NILAKANTA PILLAI: May I remind the honourable friend that Sir B. N. Rau was Reforms Commissioner and not Constitutional Adviser to the Indian Constituent Assembly?

MR. A. NESAMONY: I said that I am subject to correction. My memory is that he was at first Reforms Commissioner and then Constitutional Adviser to the Indian Constituent Assembly and then Constitutional Adviser to Burma.

MR. PRESIDENT : ഈ ഭേഗതിയെസംബന്ധിച്ച് ആരെങ്കിലും അഭിപ്രായം പറയാനുണ്ടെങ്കിൽ പറയാം.

MR. K. K. CHELLAPPAN PILLAI (*Mavelikara II-General*) : ശ്രീമാൻ ഉമയമ്മാനു അവർകൾ അവതരിപ്പിച്ചിട്ടുള്ള ഭേഗതിയെ എതിർക്കേണ്ടി വന്നതിൽ എനിക്കു വളരെ കുണ്ഠിതമുണ്ട്. അദ്ദേഹം നിയമപാണ്ഡിത്യമുള്ള ഒരാളാണ്. അദ്ദേഹത്തിൽനിന്നും ഇപ്രകാരമുള്ള ഒരു ഭേഗതി ഇവിടെ വരുമെന്നു പ്രതീക്ഷിച്ചിരുന്നതല്ല. എങ്കിലും വന്ന

LIBRARY ARCHIVES Kerala Legislative Assembly

നിലയ്ക്ക് അദ്ദേഹം അതിനുവേണ്ടി ചെയ്ത വിശദീകരണവും കൂടി കേട്ടതിൽപിന്നീടും എന്റെ അഭിപ്രായം വ്യക്തമാക്കാമെന്നു ഞാൻ വിചാരിച്ചു. കാൺസ്റ്റിറ്റ്യൂഷണൽ അഡൈ്വസറുടെ ജോലി എന്താണെന്ന് വേണ്ടവണ്ണം വ്യക്തമാക്കീട്ടില്ലെന്നുള്ള കാരണംകൊണ്ടാണ് ഈ ഭേദഗതി അദ്ദേഹം കൊണ്ടുവന്നതെന്നു പറയുന്നു. ഒരു ഭേദഗതി കൊണ്ടുവരത്തക്കവണ്ണം ഇതു് ഒരു മതിയായ കാരണമായിട്ടില്ലെന്നു ഞാൻ വിചാരിക്കുന്നു. നേരെ മറിച്ച് ഒരു കാൺസ്റ്റിറ്റ്യൂഷനൽ അഡൈ്വസർ വേണം; അദ്ദേഹം ഇന്നയിന്ന ജോലികൾ ചെയ്യണം; ആ ജോലിക്കു അദ്ദേഹത്തെ നിർബന്ധിക്കുകകൂടി വേണമെന്ന് അദ്ദേഹം പറഞ്ഞിരുന്നെങ്കിൽ എനിക്കതു മനസ്സിലാക്കാമായിരുന്നു. ഇവിടെ ഇരിക്കുന്ന മെംബറന്മാരിൽ വളരെ പേർ നിയമം പഠിച്ചിട്ടുള്ളവരാണ്. പക്ഷേ കാൺസ്റ്റിറ്റ്യൂഷൻ സംബന്ധിച്ചുള്ള നിയമങ്ങളിൽ അവക്ക് പ്രത്യേകം പരിജ്ഞാനം ലഭിച്ചിട്ടില്ല എന്നുകൂടി നാം ഓർക്കണം. അങ്ങനെ പ്രത്യേക പരിജ്ഞാനം സമ്പാദിക്കുന്നതിനുള്ള സന്ദർഭങ്ങളും അവക്ക് വളരെ കുറവായിരുന്നു എന്നു നമുക്കെല്ലാവർക്കുമറിയാവുന്നതാണ്. ഇന്നു നാം ഇവിടെ കൂടിയിരിക്കുന്നതു് ഒരു ഭരണഘടന നിർമ്മിക്കാനാണ്. ആ സ്ഥിതിക്ക് കാൺസ്റ്റിറ്റ്യൂഷൻ സംബന്ധിച്ച് പരിജ്ഞാനം സിദ്ധിച്ചിട്ടുള്ള ഒരാളെ നിയമിക്കണമെന്നുള്ളതിൽ ആക്ഷേപമെന്നുമില്ല. അതുസംബന്ധിച്ച് ഒരു വാദമുഖത്തിന്റെ ആവശ്യം തന്നെ ഇല്ല. എന്തെന്നാൽ കാൺസ്റ്റിറ്റ്യൂഷണൽ അഡൈ്വസർ എന്ന വാക്കുകൊണ്ടു തന്നെ ഭരണഘടനയെപ്പറ്റി ഉപദേശത്തിനു പറ്റിയ ഒരാൾ എന്ന് പ്രത്യക്ഷത്തിൽ തന്നെ കാണാം. അതിന്റെ ആവശ്യവും പ്രത്യക്ഷത്തിൽ സ്പഷ്ടമാണ്. അതുകൊണ്ട് ഈ വകുപ്പ് ഉപേക്ഷിക്കേണ്ട ആവശ്യം ഞാൻ കാണുന്നില്ല.

MR. G. RAMACHANDRAN (*Neyyattinkara III—General*): Sir, I am anxious that there should not be a wrong decision on an important matter. We know, for instance, in the Indian Constituent Assembly there are very distinguished lawyers and men of great administrative experience. Even in the Indian Constituent Assembly they have provided for a Constitutional Adviser. A man like, for instance, the Prime Minister of India is not a man who does not know constitutional procedure. But there have been several occasions in that Assembly when even men of that type had to turn to the Constitutional Adviser because this Constitutional Adviser is one who has specialised in that kind of task. I suggest that as we proceed with our work we shall find at every stage the need for a Constitutional Adviser. It is not a question as my friend to the left would imply



LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Ramachandran.]

as though somebody had decided that there is a dearth of constitutional talents in our country. We have men of great talents. But there is the need for expert advice from a person who is qualified. The point raised by my friend on the right that his functions have not been defined is, as Mr. T. K. Narayana Pillai said, a matter of detail. All these things can be decided by you, if necessary, in consultation with the Advisory Committee or the Standing Committee. We can clearly lay down what is the use of the Constitutional Adviser. It is not only you but all of us are entitled to ask his advice. A first class man is necessary to advise us throughout the sittings of the Representative Body, so that we may know what attitude we should take.

HONOURABLE Mr. A. THANU PILLAI *(Trivandrum II – General)*: The acceptance of sub-rule (2) does not necessarily imply that the provision in the 4th sub-rule is also accepted.

MR. G. RAMACHANDRAN: Was this particular matter considered in this bearing when that clause was put down or was the clause arbitrarily incorporated by the honourable member?

MR. V. O. MARKOS *(Kottayam III – General)*: It was not considered while drafting this rule whether it should cover or not cover the possibility of the Constitutional Adviser being obliged to advise each member of this Representative Body.

MR. K. R. ELANKATH: Then is it the honourable member's personal opinion?

MR. KRISHNAN AIYAPPAN *(Shertallay III-General)*: സർ, ഞാൻ ഈ ഭേഗതിയെ എതിക്കുകയാണു ചെയ്യുന്നതു്. മി. ഉദയഭാനുവിന്റെ പ്രസംഗത്തിൽനിന്നും മനസ്സിലാക്കുന്നതു കാൺസ്റ്റിറ്റ്യൂഷണൽ അഡ്വൈസർ ഉദ്യോഗം എടുത്തുകളയണമെന്നഭിപ്രായപ്പെടുന്നുവെന്നാണു്. പ്രതിനിധിസഭയിൽ നിന്നും ഒരാളിനെ ഭരണോപദേഷ്ടാവായി എടുക്കുകയാണെങ്കിൽ പ്രതിനിധിസഭയിലുള്ള അദ്ദേഹത്തിന്റെ സ്ഥാനം സിക്രട്ടറിയുടെ സ്ഥാനത്തെപ്പോലെ നഷ്ടപ്പെട്ടുപോകയില്ലെന്നാണു് നിബന്ധന കൊണ്ടു മനസ്സിലാകുന്നതു. അതുകൊണ്ടു് ഭരണോപദേഷ്ടാവു് എന്നുള്ള സ്ഥാനം എടുത്തുകളയണമെന്നു് പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ഭരണോപദേഷ്ടാവു് എന്നുള്ള ഉദ്യോഗം ആവശ്യമാണെന്നുള്ളതു് മി. ഉദയഭാനു തന്നെ സമ്മതിക്കുന്നു. അദ്ദേഹം എതിക്കുന്നതു ഭരണോപദേഷ്ടാവിന്റെ കൃത്യങ്ങളും ചുമതലകളും സംബന്ധിച്ചു് രൂളുകളിൽ ഒന്നും പറഞ്ഞിട്ടില്ലെന്നുള്ള കാരണത്താലാണു്. ഇതു സംബന്ധിച്ചു ഒരു വിശകുരണം നടക്കുന്നപക്ഷം ഈ ഭേഗതി അദ്ദേഹം പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. ABDUL AZIZ (*Trivandrum II-Muslim Reserved*) : ബഹുമാനപ്പെട്ട മെംബർ ഭേദഗതിയെ അനുകൂലിക്കുകയാണോ പ്രതികൂലിക്കുകയാണോ ചെയ്യുന്നതു് എന്നറിയാൻ പാടില്ല. ഒരു ഭേദഗതിയെപ്പറ്റി ഒരു മെംബർ സംസാരിക്കുമ്പോൾ വെറും അഭിപ്രായം മാത്രം പറഞ്ഞാൽ പോരാ, പ്രതികൂലിക്കുകയാണോ അനുകൂലിക്കുകയാണോ ചെയ്യുന്നതെന്നു കൂടി പറയേണ്ടതാണു്.

MR. KRISHNAN AIYAPPAN : ഞാൻ ഭേദഗതിയെ എതിർക്കുകയാണെന്നു് ആദ്യമേ പറഞ്ഞുകഴിഞ്ഞു.

MR. MOHAMMED MUSTAFA (*Pathanapuram – Muslim Reserved*) : മി. ഉദയഭാനു അവതരിപ്പിച്ച ഭേദഗതിയെ ഞാൻ എതിർക്കുന്നു. ഈ രാജ്യത്തെ ഭരണഘടന എഴുതിയുണ്ടാക്കുന്ന ഈ സമിതിയുടെ ചുമതല ഏറ്റവും ഗൌരവമേറിയ ഒന്നാണു്. അതു ഈ രാജ്യത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും സ്വീകാര്യമായിരിക്കേണ്ട ഒരു ഭരണഘടനയാണു് നമ്മൾ നിർമ്മിക്കേണ്ടതു്. അതിനുവേണ്ടി തിരഞ്ഞെടുക്കുന്ന ഭരണോപദേഷ്ടാവു് ഭരണഘടനാപരമായ കാര്യങ്ങളിൽ വൈദഗ്ദ്ധ്യവും പരിശീലനവും നിയമസംബന്ധമായ പരിജ്ഞാനവും സിദ്ധിച്ച ആളായിരിക്കണമെന്നുള്ളതു് ഏറ്റവും ആവശ്യമായ സംഗതിയാണു്. അതിനാൽ ഭരണോപദേഷ്ടാവുതന്നെ വേണ്ടെന്നുള്ള ഭേദഗതി ഒരിക്കലും സ്വീകാര്യമല്ല. എത്ര കൂടുതൽ ഉപദേശം ഈ സഭയ്ക്കു ലഭിക്കുമോ അത്രയ്ക്കു പ്രയോജനമുണ്ടാകുമെന്നു ഒരു മെംബർ പ്രസ്താവിച്ചതു് ഏറ്റവും ശരിയാണു്. ഭരണഘടനോപദേഷ്ടാവിന്റെ ജോലികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കിയിരിക്കുന്നതിനാൽ അതു ചർച്ചയ്ക്കു വിഷയമാക്കേണ്ട സംഗതിയല്ല. അതുകൊണ്ടു ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

MR. V. O. MARKOS : മി. ഉദയഭാനുവിന്റെ ഭേദഗതി കാൺസ്റ്റിട്യൂഷണൽ അഡ്വൈസറെ നിയമിക്കുന്നതു സംബന്ധിച്ച വ്യവസ്ഥ ചെയ്തിട്ടുള്ള ഫ്രെയിംചട്ടം എടുത്തുകളയണമെന്നുള്ളതാണു്. കാൺസ്റ്റിട്യൂഷണൽ അഡ്വൈസറുടെ ചുമതലകൾ എന്തെല്ലാമാണെന്നു വിവരിച്ചിട്ടില്ലെന്നാണു് പ്രധാനമായി പറയുന്നതു്. ഇൻഡ്യൻ യൂണിയനിലും അദ്ദേഹത്തിന്റെ ചുമതലകൾ എന്തെല്ലാമാണെന്നു വിവരിച്ചിട്ടില്ല.

"Who shall be the head of the Advisory Branch" എന്നുള്ള ചുമതലകൾ ഇവിടെ കളഞ്ഞിരിക്കുകയാണു്. കാൺസ്റ്റിട്യൂഷണൽ അഡ്വൈസറുടെ ആവശ്യകതയേയും ചുമതലകളെന്തെല്ലാമായിരിക്കാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. O. Markos.]

മെന്നുള്ളതിനേയും കുറിച്ച് ഇവിടെ ഇതിനുമുൻപു നടന്ന വാദപ്രതിവാദങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. മെസ്സേഴ്സ് ടി. കെ. നാരായണപിള്ള, ജി. രാമചന്ദ്രൻ, നേശമണി എന്നിവർ അതേപ്പറ്റി വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. കാൺസ്റ്റിറ്റ്യൂഷണൽ അഡ്വൈസർക്ക് വ്യവസ്ഥ ചെയ്തിരിക്കുന്ന ചട്ടത്തിൽ പറയുന്നത് Constitutional adviser to the Representative body എന്നാണ്. അദ്ദേഹം അഡ്വൈസ് കൊടുക്കുന്നത് പ്രസിസൻറ് മുഖാന്തിരമായിരിക്കുമെന്നുള്ളതിനു സംശയമില്ല. പക്ഷേ ഒരു സംശയം കാൺസ്റ്റിറ്റ്യൂഷണൽ അഡ്വൈസറായി ഈ റിപ്രസെൻറേറ്റീവു ബാഡിയിൽനിന്നു തന്നെ ഒരു ആളിനെ നിയമിക്കാമോ എന്നും അങ്ങനെയാണെങ്കിൽ ആ ആളിനു് അംഗത്വം നഷ്ടപ്പെടുമോ എന്നുമാണ്. ഇൻഡ്യൻ റൂൾസിൽ റിപ്രസൻറേറ്റീവ് ബാഡിയിൽ അംഗമായിട്ടുള്ള ആളിനെ അഡ്വൈസറായി നിയമിക്കുന്നതിൽ വിരോധമില്ലെന്നാണു പറയുന്നതു്. ആ അർത്ഥത്തിലാണ്ട് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. മറ്റംഗങ്ങളും അപ്രകാരമാണു് മനസ്സിലാക്കിയിരിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു. റിപ്രസൻറേറ്റീവ് ബാഡിയിൽ നിന്നും ഉപദേഷ്ടാവിനെ നിയമിക്കുന്നപക്ഷം അദ്ദേഹത്തിൻറെ അംഗത്വം നഷ്ടപ്പെടുകയില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു. സിക്രട്ടറിയുടെ കാര്യമാണെങ്കിൽ സിക്രട്ടറി ഒരു ഫുൾടൈം ആഫീസറായിരിക്കും. അതുകൊണ്ടു് അദ്ദേഹത്തിൻറെ അംഗത്വം നഷ്ടപ്പെടേണ്ടിവരും. കാൺസ്റ്റിറ്റ്യൂഷണൽ അഡ്വൈസറാണെങ്കിൽ ഒരു ഫുൾടൈം ആഫീസറായിരിക്കുകയില്ല.

**HONOURABLE MR. A. THANU PILLAI** : ഈ സംഗതി രണ്ടു Sub Rule ആയി വരുമ്പോൾ ആലോചിക്കേണ്ടതാണ്.

**MR. PRESIDENT** : ഇൻഡ്യൻകാണസംബ്ളിയിൽ ഇതു പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. സിക്രട്ടറി ഒരു ഫുൾടൈം ആഫീസറായിരിക്കണമെന്നും വ്യവസ്ഥയുണ്ട്. അതനുസരിച്ചാണ് ഇവിടേയും വ്യവസ്ഥ ചെയ്തിട്ടുള്ളതു്. കാണസംബ്ളിയിൽനിന്നുതന്നെ ഒരംഗത്തെ ഉപദേഷ്ടാവായി എടുക്കുകയാണെങ്കിൽ അദ്ദേഹത്തിൻറെ അംഗത്വം നഷ്ടപ്പെടുമെന്നാണ് മി. മർക്കോസ് പറയുന്നതു്.

**HONOURABLE MR. A. THANU PILLAI** : അതെനിക്കു മനസ്സിലായി. നാലാമത്തെ സബ്ജക്ടിനെപ്പറ്റി സംസാരിക്കുമ്പോൾ അതു് തീച്ചു ചെയ്താൽ മതിയല്ലൊ.

LIBRARY ARCHIVES Kerala Legislative Assembly

MR. V. O. MARKOS : ഇപ്പോൾ അതു് തീർച്ച ചെയ്യണമെന്നുള്ള അർത്ഥത്തിലല്ല ഞാൻ പറഞ്ഞതു്. മി. ഉദയഭാനുവിന്റെ സംശയത്തിനു മറുപടി പറഞ്ഞതാണു്. ഇപ്പോളിരിക്കുന്ന രൂപം അനുസരിച്ചു റിപ്രസെന്റേറ്റീവു് ബാഡിയിൽനിന്നോ, പുറത്തുനിന്നോ ഒരു അഡ്വൈസറെ നിയമിക്കുന്നതിനു പ്രസിഡൻറിനു സ്വാതന്ത്ര്യമുണ്ടു്. മി. ഉദയഭാനുവിന്റെ ചോദ്യത്തിൽ വേറൊരു സംശയമുള്ളതു് കാൺസ്റ്റിറ്റ്യൂഷണൽ അഡ്വൈസറായി ആരെയെങ്കിലും പുറത്തുനിന്നു നിയമിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ എന്നാണു്. ആ ചോദ്യത്തിനു് ഇപ്പോൾ പ്രസക്തിയില്ല. കാൺസ്റ്റിറ്റ്യൂഷണൽ അഡ്വൈസർ അംഗങ്ങൾക്കു ഉപദേശം നൽകുമോ അതല്ല പ്രസിഡൻറിനെയാണോ ഉപദേശിക്കുന്നതു് എന്നും ചോദിക്കയുണ്ടായി. അദ്ദേഹത്തിന്റെ സ്വന്തം നിലയിൽ അദ്ദേഹത്തെ സമീപിക്കുന്ന സകലർക്കും മനസ്സുണ്ടെങ്കിൽ ഉപദേശം നൽകും.

MR. K. R. ELANKATH : കാൺസ്റ്റിറ്റ്യൂഷണൽ അഡ്വൈസർ റിപ്രസെന്റേറ്റീവു് ബാഡിക്കു് ഉപദേശം നൽകുമോ?

MR. V. O. MARKOS : അദ്ദേഹം അങ്ങനെ ഉപദേശം നൽകണമെന്നു ഞാൻ വിചാരിക്കുന്നില്ല. റിപ്രസെന്റേറ്റീവു് ബാഡിയിലെ അധികാരമുള്ള ആരും മുഖാന്തരം ആവശ്യപ്പെടുമ്പോളല്ലാതെ ഓരോരുത്തരും ചെല്ലുന്ന അവസരത്തിൽ വേണ്ട ഉപദേശം നൽകുന്ന ചുമതല അഡ്വൈസർക്കുണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

MR. G. RAMACHANDRAN : Sir, may I suggest that as the Chairman of the Rules Committee you, Sir, may enlighten us what exactly was meant by this provision and whether anything more was made than it is put on paper.

MR. K. VELAYUDHAN NAIR (*Changanachery* II-*General*) : On a point of order, Sir, ഒച്ചയുള്ളവരെങ്കിലും ഉറക്കെ സംസാരിച്ചാൽ കൊള്ളാം.

MR. R. V. THOMAS : May I know from Mr. Markose when such a clause was drafted, what was the real import contained in it?

MR. PRESIDENT : ഇതിലെഴുതിയിരിക്കുന്നതു പ്രതിനിധിസമിതിക്കു ഒരു ഭേദഗതിക്കുവേണ്ടിയുള്ള നോട്ടീസു് ഉണ്ടായിരിക്കണമെന്നാണു്. ഈ രൂപം പാസാക്കിയശേഷം ആവശ്യം നേരിട്ടാൽ അപ്പോൾ വ്യാഖ്യാനിക്കുന്നതു പ്രസിഡൻറായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

MR. R. V. THOMAS : മി. മർക്കോസു പറഞ്ഞതു് പ്രതിനിധിസഭയിലെ അംഗങ്ങൾ കോൺസ്റ്റിറ്റ്യൂഷണൽ അഡ്വൈസർ അദ്ദേഹത്തോടു് സംശയം ചോദിച്ചാൽ ഓരോരുത്തരോടും ഉത്തരം പറയുന്നതിനുള്ള ചുമതല ഇല്ലെന്നാണു്. എനിക്കു ചോദിക്കുവാനുള്ളതു് പിന്നെ ആരു ചോദിച്ചാലാണു് അദ്ദേഹത്തിനു മറുപടി പറയുവാൻ ചുമതലയുള്ളതെന്നാണു്.

MR. A. CHIDAMBARANATHA NADAR: On a point of order. Sir, according to the honourable member Mr. Markos if any honourable member from this House is appointed as the Constitutional Adviser, then is it not a loss to the Representative Body ?

MR. T. K. NARAYANA PILLAI: How is it a point of order?

MR. A. CHIDAMBARANATHA NADAR: I am only interpreting the matter.

MR. PRESIDENT: If the Secretary is appointed from this House, then it is a loss to this Body and if anybody is appointed as the Adviser it is not a loss to the House. That is what Mr. Markos explained.

MR. V. O. MARKOS: And therefore, there will be no loss to the House if an adviser is appointed from among the members of this House.

മി. ഉദയഭാനുവിന്റെ മറ്റൊരു ചോദ്യം, ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളിയിലുള്ളതുപോലെ രണ്ടു ബ്രാഞ്ചുകളുടെ വ്യവസ്ഥ എടുത്തുകളഞ്ഞതെന്തുകൊണ്ടാണു് എന്നാണു്. രണ്ടു ബ്രാഞ്ചുകളും ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ പെയ്തിട്ടില്ലെന്നുമാത്രമേ ഉള്ളൂ. എന്നാൽ അതായതു് ബ്രാഞ്ചിന്റെ പ്രധാന ഉദ്യോഗസ്ഥൻ ആരായിരിക്കണമെന്നു് ഇൻഡ്യൻ റൂൾസിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെതന്നെ ഇവിടെയും വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

"*Rule 15.* (2) The office shall consist of two branches, an Advisory Branch and an Administrative Branch.

(3) There shall be a constitutional Adviser, to be appointed by the President, who shall be the Head of the Advisory Branch.

(4) There shall be a full-time Secretary, to be appointed by the President, who shall be the head of the Administrative Branch."

റിപ്രസന്റേറ്റീവു് ബാഡിയിലെ ആഫീസിനെ സംബന്ധിച്ചുള്ള സകല അധികാരങ്ങളും (അപ്പായിന്റുമെന്റു മുതലായവ) പ്രസിഡൻറിനു് ആയിരിക്കണമെന്നും പ്രസിഡൻറു കൊടുക്കുന്ന അധികാരംകൊണ്ടുമാത്രമേ മറ്റു ആഫീസറന്മാർക്കു അധികാരം ലഭിക്കയും പ്രയോ

LIBRARY ARCHIVES Kerala Legislative Assembly

ഗിക്കയും ചെയ്യാവൂ എന്നമാണ് അവിടെയും വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഒരു ബ്രാഞ്ചിന്റെ ഹെഡ് ഇന്നാൾ ആയിരിക്കണം എന്നുകൂടി അവിടെ വ്യവസ്ഥ ചെയ്തിട്ടുണ്ട് പക്ഷെ .....

MR. N. KUNJURAMAN: ഭരണകാര്യോപദേഷ്ടാവായി നിയമിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്ന ആൾ ആരാണെന്നു അറിഞ്ഞാൽ കൊള്ളാം.

MR. V. O. MARKOS: കാൺസ്റ്റിറ്റിറ്റ്യൂഷണൽ അഡ്വൈസർ, സിക്രട്ടറി എന്ന രണ്ടു ഉദ്യോഗസ്ഥന്മാർ ഉള്ളവക്ക് നമ്മുടെ രാജ്യത്തിലെ അഞ്ചാം സബ്ജക്ട് അനുസരിച്ചും ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയിലെ എട്ടാം സബ്ജക്ട് അനുസരിച്ചും പ്രസിഡൻറ് കൊടുക്കുന്ന അധികാരം മാത്രമേ ലഭിക്കയും പ്രയോഗിക്കയും ചെയ്യാവൂ.

അതുകൊണ്ടാണ് ബ്രാഞ്ചുകളുടെ കാര്യവും അവയ്ക്ക് പ്രത്യേകം തലവനുണ്ടായിരിക്കുമെന്നുള്ളതും ഒഴിച്ചു കളഞ്ഞത്. എന്നതന്നെയുമല്ല ആദ്യത്തെന്ന വ്യവസ്ഥ ചെയ്തിരിക്കുന്നത്.

" President shall "be the head of the Representative Body." എന്നാണ്.

പ്രസിഡൻറ് റിപ്രസെന്റേറ്റീവ് ബാഡിയിലെ തലവനായിരിക്കുന്നിടത്തോളംകാലം നിയമനങ്ങളെ സംബന്ധിച്ചും മറും പ്രസിഡൻറിനു മാത്രമേ അധികാരമുള്ളൂ. അതുകൊണ്ട് പ്രത്യേകം രണ്ടു ബ്രാഞ്ചുകൾ എടുത്തു പറഞ്ഞതുകൊണ്ടു കൂടുതലായ പ്രയോജനമൊന്നും ഉണ്ടാകുന്നില്ല. ഉപദേഷ്ടാവായി ഏതെങ്കിലും പ്രത്യേക വ്യക്തിയെ ഉദ്ദേശിച്ചിട്ടുണ്ടോ എന്ന പ്രശ്നമേ ഇവിടെ ഉദിക്കുന്നില്ല. ഉപദേഷ്ടാവിന്റെ പ്രത്യേക ചുമതലകളെ സംബന്ധിച്ച് ഇൻഡ്യൻ റൂൾസിലും യാതൊന്നും എടുത്തു പറഞ്ഞിട്ടില്ല. റിപ്രസെന്റേറ്റീവ് ബാഡിക്കോ പ്രസിഡൻറിനോ അക്കാര്യത്തെപ്പറ്റി നിശ്ചയിക്കാവുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെംബർ മി. ഉദയഭാനുവിന്റെ അമൻറുമെൻറ് സ്വീകരിക്കേണ്ട ആവശ്യമില്ലെന്നാണ് എനിക്കു പറയുവാനുള്ളത്.

MR. A. P. UDAYABHANU: ഞാൻ ഇവിടെ അവതരിപ്പിച്ച ഭേദഗതിയെപ്പറ്റി ഇവിടെയുള്ള പലമെംബറന്മാരും എതിരഭിപ്രായം പ്രകടിപ്പിച്ചു. പല സംഗതികളും ഊഹാപോഹങ്ങൾക്ക് വിട്ടുകൊടുത്തിരിക്കുന്നു എന്നാണ് എന്റെ പരാതി. ഉപദേഷ്ടാവായി ഒരാളിനെ സഭയിൽനിന്നു നിയമിക്കുന്നപക്ഷം അംഗത്വം നഷ്ടപ്പെടുകയില്ലെന്നും മറുമുള്ള പല സംശയങ്ങളും ഉണ്ടായിരുന്നതുകൊണ്ടാണ് ഞാൻ ഈ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udayabhanu.]

ദേഗതി അവതരിപ്പിച്ചതു്. അതിനുംപുറമേ അദ്ദേഹത്തിന്റെ ഉപദേശം അസംബ്ളിയിലെ എല്ലാ അംഗങ്ങൾക്കും ലഭ്യമാണോ എന്നുള്ളതിനെപ്പറ്റിയും സംശയമുണ്ടായിരുന്നു. റിപ്രസെന്റേറ്റീവുബാഡിയിലെ അംഗങ്ങൾക്ക് ഈ സംഗതികളെപ്പറ്റി വല്ലതും സംശയം ഉണ്ടാകുകയാണെങ്കിൽ ഒരു കടലാസിൽ കുറിച്ചുകൊണ്ടു് പ്രസിഡൻറിനെ സമീപിക്കണം.

ഇവിടെ സകല അധികാരങ്ങളും പ്രസിഡൻറിനു കൊടുത്തിട്ടുണ്ടു് എന്നു പ്രസ്താവിക്കയുണ്ടായി. എന്നാൽ അതേ അധികാരം ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളിയിലെ എട്ടാംവകുപ്പിനകത്തു് പ്രസിഡൻറിനു കൊടുത്തിട്ടുണ്ടു്. അതുകൊണ്ടു് ഇവിടെ പ്രത്യേകം ഒരു ശാഖ ഉണ്ടാക്കേണ്ട ആവശ്യം ഇല്ലെന്നെങ്ങിനെ വരും? എന്തുകൊണ്ടെന്നാൽ ഈ ബ്രാഹ്മണരുടെ സേവനം റിപ്രസന്റേറ്റീവു് ബാഡിക്കു് ഉണ്ടായിരിക്കുന്നതല്ല.

MR. K. K. CHELLAPPAN PILLAI: ഒരു ചോദ്യം ചോദിക്കുവാനുണ്ടു്.

MR. A. P. UDAYABHANU: ചോദ്യത്തിനു് ഇപ്പോൾ ഉത്തരം പറയുന്നില്ല.

MR. PRESIDENT: അദ്ദേഹം സംസാരിച്ചുകൊണ്ടു നിൽക്കുകയാണെങ്കിൽ ചോദ്യം ചോദിക്കാൻ പാടില്ല.

MR. K. K. CHELLAPPAN PILLAI: ഞാൻ ചോദിച്ചതിനു് അങ്ങനെ ഉത്തരം പറയാൻ പാടില്ലെന്നു പറയുന്നതു് ശരിയാണോ?

MR. PRESIDENT: ചോദ്യം ചോദിക്കുമ്പോൾ അദ്ദേഹത്തിനു മനസ്സുണ്ടെങ്കിൽ ഉത്തരം പറയാം.

MR. A. P. UDAYABHANU: റിപ്രസെന്റേറ്റീവുബാഡിക്കു് രണ്ടു ശാഖകൾ ഉണ്ടായിരുന്നാൽ അതിന്റെ സേവനം ഞങ്ങൾക്കു് ആവശ്യപ്പെടാമായിരുന്നു. അങ്ങനെ രണ്ടു ശാഖകൾ ഇവിടെ ഇല്ല. പ്രസിഡൻറിനു കാൺസ്റ്റിറ്റ്യൂഷണൽ അഡ്വൈസറെ നിയമിക്കുന്നതിനുള്ള അധികാരമുണ്ടു്. അതുകൊണ്ടാണു ഞാൻ അതിനെ എതിർത്തതു്. മി. മർക്കോസിന്റെ വിശദീകരണത്തിൽനിന്നു പ്രസിഡൻറിനുമാത്രമേ ഉപദേഷ്ടാവിന്റെ ഉപദേശം ലഭിക്കാൻ അധികാരമുള്ളു എന്നാണു് അറിയുന്നതു്. കാമൺസിലെ സ്പീക്കർക്കു് ഉള്ള ചുമതലയിൽ കൂടുതൽ ഈ കാൺസ്റ്റിറ്റ്യൂഷണൽ അഡ്വൈസർക്കുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. എന്നാൽ മി. മർക്കോസിന്റെ കാലുകളെ പിൻതാങ്ങുവാൻ വന്ന

LIBRARY ARCHIVES Kerala Legislative Assembly

മി. ടി. കെ. നാരായണപിള്ളയുടെ അഭിപ്രായത്തിൽനിന്നും നേരെമറിച്ചുള്ള അഭിപ്രായമാണ് മി. മാർക്കോസ് പറഞ്ഞത്. ഈ രണ്ടിനെ തന്നെ അനുകൂലിച്ചു സംസാരിക്കുമ്പോൾ മെംബറന്മാരുടെ അഭിപ്രായം വിഭിന്നമായിട്ടാണ് കാണുന്നത്. അതിന്റെ വ്യാപ്തിയെപ്പറ്റി ഇതിലേക്ക് നിയമിച്ച കമ്മിറ്റി ചർച്ച ചെയ്തിട്ടില്ലെന്നാണ് തോന്നുന്നത്. ഈ രണ്ടുകളെക്കൊണ്ട് എന്തെങ്കിലും ഗുണമാണ് ഉള്ളതെന്നു ചർച്ച ചെയ്തിട്ടില്ല. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളിയിലെ രണ്ടുകളുടെ വാലും തലയും മുറിച്ചുകളഞ്ഞിട്ടാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പക്ഷേ, അതു നല്ലവണ്ണം പഠിച്ചു മനസ്സിലാക്കിവേണം ഇവിടെ അവതരിപ്പിക്കുവാൻ. അല്ലാതെ വാലും തലയും മുറിച്ചു ഇവിടെ കൊണ്ടുവരികയല്ല വേണ്ടത്. പിന്നെ ഇവിടത്തെ ചട്ടംകൊണ്ട് സഭയ്ക്ക് അഡ്വൈസറുടെ ഉപദേശം ലഭിക്കാൻ അധികാരം തീരെ ഇല്ല. എല്ലാം പ്രസിഡൻറിനാണ് ഉള്ളത്. അതുകൊണ്ടാണ് എന്റെ ഭേദഗതിയെ ഞാൻ മുറുകെ പിടിക്കുന്നത്.

MR. PRESIDENT : ഭേദഗതി വോട്ടിനിടാം. Rule 12, (2)-ൽ ഇങ്ങനെ പറയുന്നു.

(2) There shall be a Constitutional Adviser and a full-time Secretary to the Representative Body both to be appointed by the President.

ഇതിൽനിന്നും കാൺസ്റ്റിറ്റ്യൂഷണൽ അഡ്വൈസർ അതായത് പ്രതിനിധിസമിതിക്ക് പ്രത്യേക ഉപദേഷ്ടാവു് ഉണ്ടായിരിക്കണമെന്നുള്ള ഭാഗം എടുത്തുകളയണമെന്നുള്ളതാണ് മി. ഉദയഭാനുവിന്റെ ഭേദഗതി.

The amendment was put to vote and lost.

*Rule 12.* (2) There shall be a Constitutional Adviser and a full-time Secretary to the Representative Body both to be appointed by the President.

*Rule 12.* (2) was passed.

*Rule 12.* (3) There shall be under the Constitutional Adviser, and the Secretary respectively, such other officers and establishments as the President may, on the advice of the Standing Committee, determine.

MR. A. P. UDAYABHANU : രൂപം 12 (2)-ലെ എന്റെ ഭേദഗതി തള്ളപ്പെട്ടതുകൊണ്ട് 12 (3)-ലെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നില്ല.



LIBRARY ARCHIVES Kerala Legislative Assembly

*Rule 12.* (3) was passed.

*Rule 12.* (4) Any member of the Representative Body who becomes the Secretary under this rule shall thereupon be deemed to have vacated his office as member.

MR. PRESIDENT : മി. ഇഞാനശിഖാമണിയുടെ ഭേദഗതി അവതരിപ്പിക്കാം.

In Rule 12, sub-rule (4), omit the words "becomes the" and substitute the words "on accepting office as Constitutional Adviser or".

MR. D. GNANASIGAMONI (*Kalkulam II—General*) : Sir, This amendment is necessitated by the fact that nowhere it is said in the rules that the Constitutional Adviser is to be appointed from outside this body. I submit that under this rule, power is given to the President to appoint a Constitutional Adviser and a full-time Secretary. If a member of the Representative Body is appointed as a full-time Secretary he should vacate his Office as member. But so far as the Constitutional Adviser is concerned, nothing is mentioned about his vacating the office as member if he happens to be appointed from this body. In sub rule (3) it is stated that "there shall be under the Constitutional Adviser and the Secretary respectively, such other officers and establishments as the President may, on the advice of the Standing Committee determine" and by this rule it is clear that for all practical purposes, both the Secretary and the Constitutional Adviser are full-time officers of the Representative Body. If therefore the Constitutional Adviser happens to be appointed from this body, it stands to reason that the same disability which attaches to a member on becoming Secretary must with equal force, attach to the Constitutional Adviser as well. Also it will be embarrassing to the Constitutional Adviser if he happens to be a member of this body as it will conflict with his right as a member and his duty as a Constitutional Adviser. As the rule now stands the Constitutional Adviser can be appointed from this body or from outside this body. So what I submit is that this rule be amended in the way which I have proposed ; that is, "any member of the Representative Body who on accepting office as Constitutional Adviser or Secretary under this rule shall thereupon be deemed to have vacated his office as member."

MR. K. RAMACHANDRAN : Sir, I oppose this amendment because in my opinion the Secretary is a full-time officer whereas the Constitutional Adviser need not be a full-time Officer. If this amendment is passed by this House I think the House will be losing a Constitutional Adviser. Therefore I request that the Clause be left as it is, as it would be advisable to have a Constitutional Adviser to the Representative Body.

MR. P. K. KUNJU (*Karunagapally II—Muslim Reserved*) : മി. ഇഞാനശിഖാമണിയുടെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. A. CHIDAMBARANATHA NADAR: Sir, முதல்வித்தியின்படி பிரதி நிதிசபையிலிருந்து ஒரு அங்கத்தினரை ஒரு காரியதரிசியாக நியமனம் செய்யப்படும் போது, அவர் இந்த சபையில் தாம் வகித்துவந்த ஸ்தானத்திலிருந்து விலக்கப்பட்டதாக நாம் கருதவேண்டும். அதேபோல தான் அரசியல் ஆலோசகராக ஒருவரை தலைவர் அவர்கள் நியமனம் செய்யும் போது அவரும் தாம் இந்த சபையில் வகித்துவந்த ஸ்தானத்தை விட வேண்டியது. இவர்களுக்கும் சர்க்கார் சம்பளம் கொடுக்கத்தயாராயிருக்கிறார்கள். அதனால் கனம் ஞானசிகாமணி அவர்கள் கொண்டுவந்தத் திருத்தப் பிரேரணையை நான் ஆமோதிக்கிறேன்.

MR. ABDUL AZIZ: ശരിയായി ഒന്നും കേൾക്കാൻ പാടില്ല. അതിനാൽ ഉറക്കെ സംസാരിച്ചാൽ കൊള്ളാം.

MR. PRESIDENT: ഈ ഹാളിൽ ചില ന്യൂനതകൾ ഉണ്ട്; എല്ലാവരും ഇങ്ങനെ പറയുന്നതുകൊണ്ട് തൽക്കാലം പ്രത്യേകവിശേഷമൊന്നുമില്ല. അതിനാൽ മെംബറന്മാർ കഴിയുന്നിടത്തോളം സ്വരം ഉയർത്തി സംസാരിച്ചാൽകൊള്ളാം. അല്ലെങ്കിൽ എല്ലാവർക്കും ശരിയായി കേൾക്കാൻ സാധിക്കാതെ വരും.

MR. P. K. KUNJU: ഉറക്കെ സംസാരിക്കാൻ സാധിക്കാത്തവർക്ക് പ്ലാറ്റ്ഫാറത്തിൽ പ്രസിഡൻറിനു സമീപം വച്ചിരിക്കുന്ന മൈക്കിൽ കൂടി സംസാരിക്കാൻ പാടില്ലെ?

MR. PRESIDENT: അതു ശരിയാണെന്നു എനിക്കു തോന്നുന്നില്ല.

MR. G. CHANDRASEKHARA PILLAI (*Neyyattinkara II—General*): എന്നാൽ അവിടെ വച്ചിട്ടുള്ള മൈക്കിനെ എടുത്തു താഴെവച്ചാൽ സംസാരിക്കണമെന്നുള്ളവർക്കു അവിടെ പോയിനിന്നു സംസാരിക്കാമല്ലൊ.

MR. PRESIDENT: മെംബറന്മാർ എല്ലാവരും അവരവരുടെ സീറ്റിൽതന്നെ ഇരിക്കേണ്ടതാണ്. അതിനാൽ നാം ഇതിനു പ്രത്യേകം ഒരു രൂപം ഉണ്ടാക്കുന്നതുവരെ ഇതുപോലെ തുടരേണ്ടതാണു.

MR. R. SANKAR (*Quilon IV—General*): ഇവിടെ ഇരുന്നു സഭാനടപടികൾ എഴുതിയെടുക്കുന്ന റിപ്പോർട്ടറന്മാർക്കുതന്നെ ഇവിടെ നടക്കുന്ന സംസാരങ്ങൾ ശരിയായി കേൾക്കാൻ സാധിക്കാതെ വരുന്നതുകൊണ്ടു വലിയ വിഷമങ്ങൾ ഉണ്ടാകുന്നു. വല്ലതുംകേട്ടു വല്ലതും എഴുതിയെടുക്കാനെ അവർക്കു സാധിക്കുകയുള്ളൂ. പത്രക്കാരുടെ ലേഖനങ്ങളിൽതന്നെ ചില വ്യത്യാസങ്ങൾ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: കുറെക്കാലമായി ഈ ഹാളിൽവച്ചാണ് നിയമ സഭകൾ നടത്തിയിട്ടുള്ളത്. നമുക്കും തൽക്കാലം ഇങ്ങനെ തുടരുകയെ നിവൃത്തിയുള്ളൂ.

MR. P. K. KUNJU: പക്ഷെ, ഇതിനു മുൻപു ഇതുയധികം മെംബറന്മാർ ഇല്ലായിരുന്നു.

MR. PRESIDENT: ഇതിനെ സംബന്ധിച്ചു സ്റ്റാൻറിംഗ് കമ്മിറ്റി യിൽ ആലോചിച്ചു വേണ്ടതു ചെയ്യുന്നതാണ്.

MR. P. KUNJUKRISHNAN *(Quilon II—General)*: ഇൻഡ്യൻ കാൺ-അസംബ്ലിയിൽ ഇതിനെ സംബന്ധിച്ചുള്ള രൂപം എന്താണെന്നു പറയാമോ?

MR. PRESIDENT: ഈ ഭേദഗതിയെപ്പറ്റി ആരെങ്കിലും അഭി പ്രായം പറയാനുണ്ടെങ്കിൽ പറയാം.

MR. S. NILAKANTA AIYAR: Sir, I support the amendment of Mr. Gnanasigamoni. The reason for my supporting is that the Constitutional Adviser to be appointed will be almost a full-time officer and so long as this Assembly goes on he will have to give day to day advice in the House. It does not mean that the Constitutional Adviser is to give advice exclusively to the President. The term Constitutional Adviser to the Representative Body clearly shows that he is to give advice both to the members of the House as well as to the President. So he will have to tender day to day advice and he will be getting a salary also and at the same time he will continue as a member. It is not expedient that he continues as a member. It is expedient that his membership is forfeited for another reason also.

MR. ABDUL AZIZ: ബഹുമാനപ്പെട്ട മെംബർക്രൂടി ഉൾപ്പെട്ട റൂൾസ് കമ്മിറ്റിയിൽ പാസ്സാക്കിയ റൂളിൽ, അതിൽപ്പെട്ട മെംബർക്കുതന്നെ ഇവിടെ ഒരു ഭേദഗതി ഹാജരാക്കാൻ അവകാശമുണ്ടോ?

MR. PRESIDENT: റൂൾസ് സംബന്ധമായ കാര്യമായതുകൊണ്ടു ആ കമ്മിറ്റിയിൽപ്പെട്ട അംഗങ്ങൾക്കും അഭിപ്രായം പറയാം.

MR. S. NILAKANTA AIYAR: The reason is that there will be conflict in the discharge of duties as member of the House and Constitutional Adviser to the House. On that point also I support the amendment.

HONOURABLE MR. A. THANU PILLAI: ഈ അമൻറുമെൻറിനെ അനുകൂലിക്കേണ്ടതാണെന്നാണ് എൻറെയും അഭിപ്രായം. ഞാൻ മനസ്സിലാക്കുന്നതു് ഇവിടെ മെംബറന്മാരായി വന്നിട്ടുള്ള സ്നേഹിതന്മാർ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവരും, മെംബറന്മാർ എന്ന നിലയ്ക്കുതന്നെ ഇവിടെ ചിന്തവിഷയമാകുന്ന അതിപ്രധാനമായ കാര്യങ്ങളിൽ അവക്കുള്ള സവ്കഴിവുകളും വിനിയോഗിക്കേണ്ടതായുണ്ടെന്നാണ്. കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളി അഡൈ്വസറായാലും അല്ലെങ്കിലും മെംബറന്മാർ എല്ലാവരും അവക്കുള്ള കഴിവുകളും മുഴുവനും, അറിവുകളും മുഴുവനും, അവരുടെ ശക്തികളും മുഴുവനും ഇതിനായി വിനിയോഗിക്കുമെന്നാണ് എൻറെ വിശ്വാസം. ആ അടിസ്ഥാനത്തിൽ തന്നെയായിരിക്കണം എല്ലാവരും അംഗങ്ങളായി ഇവിടെ വന്നിട്ടുള്ളതും. ഭരണഘടനോപദേഷ്ടാവായി മുഴുവൻ സമയവും ജോലിചെയ്യുന്ന ഒരാളിനെ നിയമിക്കുകയാണ് നല്ലത്. കാണസംബളി അഡൈ്വസറായി ഇവിടെ നിന്നും ഒരംഗത്തിനെ നിയമിച്ചാൽ, ആ അംഗം മുഴുവൻ സമയവും അതിലേക്ക് ജോലിചെയ്യണമെന്നുണ്ടല്ലോ. ഇവിടെ ഇരിക്കുന്നവർ എല്ലാ മെംബറന്മാരും അങ്ങനെ ജോലിചെയ്യണം. ഭരണോപദേഷ്ടാവായി പുറമെനിന്നും വിദഗ്ധനായ ഒരാളിനെ നമുക്കു എടുക്കണം. അദ്ദേഹം മുഴുവൻസമയവും ഉപയോഗിച്ചു ജോലിചെയ്യുകഴിവുള്ള ഉപദേശം നൽകത്തക്ക ഒരാഫീസർ ആയിരിക്കണം. അതിനാൽ ഈ ഉദ്യോഗത്തെയെ ഞാൻ ശക്തിയായി അനുകൂലിക്കുന്നു.

MR. K. R. ELANKATH : Sir, I support the amendment of Mr. Gnanasigamoni. A member of the House is bound to help the House in all its deliberations and every activity connected with the framing of the Rules and the Constitution. He is not expected to demand additional remuneration or emolument for the purpose other than what any other member is legitemately entitled to. The object of this rule is to have a Constitutional Adviser who will be a full-time officer and the major portion of whose time will be devoted for Helping the Representative Body. A member of this House will not get sufficient time for all the laborious duties encumbent on him both in this House as well as outside in his Constituency and in the Country at large. I ask the honourable members of this house, Sir, is there any necessity of selecting one among themselves for helping in the work of this Assembly. Is it not more advantageous to have one of the illustrious and talented constitutionalists available in this State or outside and utilise his services to our best advantage. Mr. Gnanasigamony has pointed out that even if one is selected from this House he will have to be paid for his legitimate duties in the same manner as the Secretary is to be paid for which provision has to be made. But I ask Sir, is it legitimate or proper to spent an amount from our exchequer for a member who is legitimately bound to do his duty in this House called together for drafting a constitution for the State. As

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Elankath.]

a member is he not expected to tender advice to the House whether he is appointed as a Constitutional Adviser or not? Whatever he has to give he is bound to give as a member of the Representative Body. What then is the additional work for him to do in the capacity of the Constitutional Adviser. If at all an officer is to be appointed that officer should be from outside this House. But if we can get the best man only from this House itself he will have to vacate his seat so that the House may get the benefit of the services of another representative. The Constitutional Adviser contemplated should be one who mainly devotes his time for study and advice as an expert in constitutional matters.

MR. CHERIYAN J. KAPPAN: സർ, ഞാൻ ഈ ഭേഗതിയെ എതിർക്കുന്നു. ഇപ്പോൾ ഇവിടത്തെ പ്രശ്നം ഒരു ഭരണോപദേഷ്ടാവിനെ നിയമിക്കുന്നതു, പുറത്തുനിന്നും വേണോ അതോ ഈ അസംബ്ലിയിൽനിന്നുംവേണോ എന്നുള്ളതല്ല. അസംബ്ലിയിലുള്ള ഒരാളെ നിയമിച്ചാൽ അദ്ദേഹത്തിന്റെ ഇവിടത്തെ സീറ്റു വെക്കേറ്റുചെയ്യണമോ വേണ്ടയോ എന്നുള്ളതാണ്. അസംബ്ലിയിൽനിന്നും ഒരാളെയാണ് നിയമിക്കുന്നതെങ്കിൽ അദ്ദേഹത്തിന്റെ ഇവിടത്തെ സീറ്റു വെക്കേറ്റു ചെയ്യാതിരുന്നാൽ, നാം ഭരണഘടന എഴുതിയുണ്ടാക്കുന്ന സന്ദർഭത്തിൽ അദ്ദേഹംക്രൂടി ഉണ്ടായിരിക്കുകയും, അപ്പോഴപ്പോൾ ഉണ്ടാകുന്ന സംശയങ്ങൾക്കു് ഉടനടി പരിഹാരം ഉണ്ടാക്കുകയും ചെയ്യാൻ സാധിക്കുന്നതുമാണ്. ഭരണഘടനാവ്യവസ്ഥ എഴുതിയുണ്ടാക്കുന്ന കാര്യങ്ങളിൽ അദ്ദേഹത്തിന് ബാല്യതയും ഉണ്ടായിരിക്കും.

MR. K. R. ELANKATH: മെംബർ അല്ലാതെയായാലും ബാല്യതയില്ലെ?

MR. CHERIYAN J. KAPPAN: അതിന് ഇവിടത്തെ ഓരോ മെംബറും ബാല്യസ്ഥന്മാരാണ്. അങ്ങനെയാകുമ്പോൾ നിയമോപദേഷ്ടാവായി നിയമിക്കുന്ന ആൾ പ്രത്യേകം അതിനുവേണ്ടി പഠിച്ചുകൊണ്ടുവരുകയും ഇവിടെ വന്നിരുന്ന് ഇവിടെ നടക്കുന്ന ചർച്ചകളിൽ പങ്കെടുക്കുകയും ആവശ്യമുള്ള ഉപദേശങ്ങൾ തരുകയും ചെയ്യുന്നതിന് സൗകര്യമുണ്ടായിരിക്കുകയും ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

MR. P. KUNJUKRISHNAN: ഈ ഭേഗതിയെ ഞാൻ അനുകൂലിക്കുന്നു. കാണസംബ്ലി അഡ്വൈസർ മുഴുവൻ സമയവും ഇതിനുവേണ്ടി വിനിയോഗിച്ചു്, നല്ലവണ്ണം ഈ കാര്യങ്ങൾ പഠിച്ചു് ഈ പ്രതിനിധിസഭയെ ഉപദേശിക്കാനുള്ള ഒരാളാണു. ഏറ്റവും വലിയ പരിജ്ഞാനം ഈ കാര്യത്തിൽ ആവശ്യമാണ്. അദ്ദേഹത്തിന്റെ മുഴുവൻ സമയവും ഭരണോപരമായിട്ടുള്ള സംഗതികൾ പഠിക്കുവാനും അസംബ്ലിയെ

LIBRARY ARCHIVES Kerala Legislative Assembly

ഉപദേശിക്കുവാനും വേണ്ടി വിനിയോഗിക്കണം. ഈ ഹൗസിലുള്ള മെംബറന്മാരിൽ ആരെങ്കിലുംതന്നെ ഒരേ അവസരത്തിൽ കാണസംബ്ലി അഡ്വൈസർക്കൂടി ആയിരിക്കുകയാണെങ്കിൽ അഡ്വൈസറുടെ ചുമതല പൂർണ്ണമായി വിനിയോഗിക്കുന്നതിന് സാധിക്കാതെവരും. അദ്ദേഹം സഭയിൽ ഉണ്ടായിരിക്കുകയാണെങ്കിൽ ഇവിടെയുള്ള മെംബറന്മാർക്കും വ്യക്തിപരമായി അദ്ദേഹത്തെ സമീപിച്ച് തൽസംബന്ധമായി വരുന്ന സംശയങ്ങൾ നിവാരണം ചെയ്യാമെന്നുള്ളതു വാസ്തവംതന്നെ. എന്നു വച്ച് അദ്ദേഹം മുഴുവൻ സമയവും ഇവിടെത്തന്നെ കഴിയുന്ന ഒരു മെംബറായിക്കൂടി തുടരണമെന്നു പറയുന്നതു ശരിയല്ല. അദ്ദേഹത്തിനു് അതു് കൂടുതൽ പ്രയാസവും ആയിരിക്കുന്നതാണ്. അതിനുപുറമെ ഇവിടെ പ്രസ്താവിച്ചതുപോലെ ഏറ്റവും മഹത്തായ ചുമതലകൾ നിവഹിക്കേണ്ടതായ ഈ സഭയിൽ അഡ്വൈസ് ചെയ്യേണ്ടതിന് നിയമജ്ഞനായ ഒരാൾ—ഏറ്റവും പ്രശസ്തനായ ഒരു നിയമജ്ഞൻ ഉണ്ടായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

MR. K. SIVARAMA PILLAI (*Thovala—General*): I move that the question be now put.

The motion for closure was put and carried.

MR. D. GNANASIGAMONI: Sir, there was only one member who opposed my amendment. I wish to tell him that the same disability that attaches to a member on becoming a full-time Secretary also attaches to the Constitutional Adviser. So I press the amendment.

The following amendment to Clause 12 (4) was then put:—

"(4) *Any member of the Representative Body on accepting office as Constitutional Adviser or Secretary under this Rule shall be deemed to have vacated his office as member.*"

The amendment was carried.

RULE 12 (5).

The President shall exercise in respect of the office of the Representative Body all powers of appointment, control and discipline:

Provided that he may delegate to any officer such of those powers as he thinks fit and subject to such conditions as he may prescribe.

Rule 12 (5) was put and carried.

The question that Rule 12, as amended, stand part of the Rules was then put and carried.

The rule was added to the Rules.

LIBRARY ARCHIVES Kerala Legislative Assembly